മിസ്റ്റർ ഇ. ഇക്കണ്ടവാരിയർ.—അവിടെ വേറെ വീടുകൾ പണിയിക്കുവാൻ സ്ഥലമുണ്ടോ?

രാമവർമ്മതമ്പുരാൻ.—നോട്ടിസു വേണം.

Anandapuram Colony.

118. മിസ്റ്റർ കെ. പി. വള്ളോൻ.—(a) ആനന്ദപുരം കോളനിയിൽ പണി ചെയ്തുകൊടുത്തിട്ടുള്ള വീടുകളെത്ര;

(b) വീടു പണിയെ സംബന്ധിച്ചു വല്ല ആക്ഷേപവും സർവ്വമെണ്ടിനു കിട്ടീട്ടുണ്ടോ;

(c) ഉണ്ടെങ്കിൽ എന്തുചെയ്തു;

(d) ടി വീടുകൾ ചോർച്ചയുള്ളതായി വല്ല അറിവുമുണ്ടോ;

(e) കോളനി വാർഡന്റെ പേരെന്ത്?

രാമവർമ്മതമ്പുരാൻ.—(a) അഞ്ചു വീടുകൾ പണി ചെയ്തുകൊടുത്തിട്ടുണ്ട്.

(b) ഉണ്ട്.

(c) ആക്ഷേപാർഹമായ അടിസ്ഥാനരഹിതമാണെന്നു തെളിഞ്ഞതിനാൽ റിക്കാട്ടാക്കി.

(d) ചോർച്ചയുള്ളതായി അറിവില്ല.

(e) കോളനി വാർഡന്റെ പേര് ഈശ്വരാനന്ദൻ എന്നാണ്.

മിസ്റ്റർ കെ. പി. വള്ളോൻ.—ഈ അഞ്ചു വീടുകൾ പണിചെയ്തതിൽ മുഴുവൻ പണിയും തീർന്നിട്ടുണ്ടോ?

രാമവർമ്മതമ്പുരാൻ.—പണിക്കുറവുള്ളതായി റിപ്പോർട്ടില്ല.

മിസ്റ്റർ കെ. പി. വള്ളോൻ.—കേടുള്ളതായി വല്ല റിപ്പോർട്ടുമുണ്ടോ?

രാമവർമ്മതമ്പുരാൻ.—അതിനെപ്പറ്റി കൂടുതലായി ഇൻഫർമേഷനൊന്നും കിട്ടിയിട്ടില്ല.

മിസ്റ്റർ കെ. എം. ഇബ്രാഹിം.—ചോർച്ചയുള്ളതായി അറിവില്ല എന്നു പറഞ്ഞിരിക്കുന്നു. അതിനെക്കുറിച്ചു് അന്വേഷിച്ചിട്ടുണ്ടോ?

രാമവർമ്മതമ്പുരാൻ.—അന്വേഷിച്ചിട്ടാണു് അറിവില്ലെന്നു മറുപടി പറഞ്ഞത്.

Malayattur Colony.

119. മിസ്റ്റർ കെ. പി. വള്ളോൻ.—മലയാറ്റൂർ കോളനിയിൽ എത്ര വീടുകളുണ്ടു്; കോളനിയിലെ വാർഡന്റെ പേരെന്ത്?

രാമവർമ്മതമ്പുരാൻ.—മലയാറ്റൂർ കോളനിയിൽ 40 വീടുകളുണ്ടു്. കോളനിയിലെ വാർഡന്റെ പേർ കൊച്ചുരാമനെന്നാണു്.

LIBRARY ARCHIVES Kerala Legislative Assembly

മിസ്റ്റർ കെ. പി. വള്ളോൻ.—ഈ കൊച്ചുരാന്തി എന്ന പേരു് ആദ്യമേയുള്ളതോ, അല്ലെങ്കിൽ സംരക്ഷണ ഡിപ്പാർട്ട്മെന്റു വന്നതിനു ശേഷം കൊടുത്തതോ?

രാമവമ്മതമ്പുരാൻ.—നിശ്ചയമില്ല.

മിസ്റ്റർ എം. കെ. രാമൻ—ഈ കൊച്ചുരാന്തി അധീനത്തരത്തിൽ പെട്ടവനോ വേറെ ഏതെങ്കിലും വർഗ്ഗത്തിൽ പെട്ടവനോ?

രാമവമ്മതമ്പുരാൻ—നിശ്ചയമില്ല.

മിസ്റ്റർ കെ. പി. വള്ളോൻ—ആരു സട്ടിഫൈ ചെയ്തിട്ടുള്ളതായിട്ടാണു് റിപ്പോർട്ടിൽ പറഞ്ഞിരിക്കുന്നതു്?

രാമവമ്മതമ്പുരാൻ.—അതൊന്നും റിപ്പോർട്ടിലില്ല.

മിസ്റ്റർ കെ. പി. വള്ളോൻ.—ആരാണു് ഈ വേലകാരക്കൊക്കെ മേലനേഷണം നടത്തുന്നതു്?

രാമവമ്മതമ്പുരാൻ.—ആരേയും വച്ചിട്ടില്ല.

Nandikara Colony.

120. മിസ്റ്റർ കെ. പി. വള്ളോൻ.—നന്തിക്കര കോളനിയിലുള്ള വീടെതു; ഈ വീടിന്റെ കൺട്രാക്ടു പണി ഏല്പിച്ചിരുന്നതു് ആരെയാണു്?

രാമവമ്മതമ്പുരാൻ.—നന്തിക്കര കോളനിയിൽ ഗവമ്മെണ്ടു ചിലവിന്മേൽ പണിയിച്ച മൂന്നു വീടുകളും പറയർ താമസിക്കുന്ന അഞ്ചു കടിലുകളുമുണ്ടു്. വീടു പണിയുവാൻ ടി കോളനിയിലെ വാർഡനെയാണു് ഏല്പിച്ചിരിക്കുന്നതു്.

മിസ്റ്റർ കെ. പി. വള്ളോൻ.—അന്യ ആളുകൾ ഇല്ലാത്തതു കൊണ്ടാണോ വാർഡനെതന്നെ കൺട്രാക്ടു് ഏല്പിക്കുന്നതു്?

രാമവമ്മതമ്പുരാൻ:—നൊട്ടീസു് വേണം. ടെണ്ടർ വിളിച്ചിട്ടുണ്ടോ, ആളുണ്ടായിരുന്നോ എന്നു നിശ്ചയമില്ല.

മിസ്റ്റർ പോപ്പുറുലാൽഗോവർദ്ധനലാലൻ.—സാധാരണ എങ്ങനെ വേണമെന്നാണു് റൂൾ ഉള്ളതു്?

രാമവമ്മതമ്പുരാൻ.—ടെണ്ടർ വിളിച്ചു കൊടുക്കണമെന്നാണു് റൂൾ.

മിസ്റ്റർ പോപ്പുറുലാൽ ഗോവർദ്ധനലാലൻ.—സംരക്ഷകൻ ആ ഡിപ്പാർട്ട്മെന്റിലുള്ള കൺട്രാക്ടുകൾ ടെണ്ടർവിളിച്ചാണോ കൊടുത്തുവരുന്നതു്?

രാമവമ്മതമ്പുരാൻ—എല്ലാ ഡിപ്പാർട്ട്മെന്റിലേക്കും ഉള്ള റൂൾ ആണു് അതു്. ഇവിടെ വ്യത്യാസം ചെയ്യുന്നുണ്ടോ എന്നു നിശ്ചയമില്ല.

മിസ്റ്റർ പോപ്പുറുലാൽ ഗോവർദ്ധനലാലൻ.—ആ റൂൾസിനു് വ്യത്യാസമായി ചെയ്യുന്നുണ്ടോ എന്നു് ഗവമ്മേണ്ടു് അന്വേഷിച്ചിട്ടുണ്ടോ?

LIBRARY ARCHIVES Kerala Legislative Assembly